THE STATE ELECTRICITY OMBUDSMAN
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

അപ്പീൽ പരാതി നമ്പർ: P/043/2025

(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)

തീയതി: 03-09- 2025

പരാതിക്കാരൻ : ശ്രീ.സജികുമാർ.എം.ബി
രോഹിണി, പാലാ പി.ഓ
പാലാ, കോട്ടയം ജില്ല.

എതിർകക്ഷി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇലക്ട്രിക്കൽ സബ് ഡിവിഷൻ
പാലാ, കോട്ടയം ജില്ല.

പരാതിയുടെ പശ്ചാത്തലം

അപ്പീൽ പരാതിക്കാരനായ ശ്രീ.സജികുമാർ, പാലാ നഗരത്തിനടുത്ത് താമസക്കാരനും ലൈസൻസിയായ **KSEBL** ന്റെ ഉപഭോക്താവുമാണ്. പാലാ ഇലക്ട്രിക് സെക്ഷന്റെ കീഴിലുള്ള അദ്ദേഹത്തിന്റെ ഗാർഹിക കണക്ഷന്റെ കൺസ്യൂമർ നമ്പർ. **1156249016454** ആണ്. പരാതിക്കാരന്റെ വീട് സ്ഥിതിചെയ്യുന്നത് പാലാ ടൗണിൽ നിന്നും ഏകദേശം **1.5** കി.മി അകലത്തിലും വൈദ്യുതി ലഭിക്കുന്നത് **KARIPATHIKANDOM 100 KVA** ട്രാൻസ്ഫോർമറിൽ നിന്നുമാണ്. പരാതിക്കാരന്റെ കണക്ഷനിൽ പകലെന്നോ രാത്രിയെന്നോ വ്യത്യാസമില്ലാതെ നിരന്തരം വൈദ്യുതി നിലയ്ക്കുന്നു. നിരവധി പരാതികൾ ലൈസൻസിയുടെ വിവിധ തലങ്ങളിലും ഉയർന്ന അധികാര കേന്ദ്രങ്ങളിലും നൽകിയിട്ടും യാതൊരു നടപടിയും എടുത്തിട്ടില്ല. **CGRF** ൽ പരാതി നൽകുകയും നടപടികൾ പൂർത്തിയാക്കി ഉത്തരവ് **2025** മേയ് മാസം **30** ആം തീയതി പുറപ്പെടുവിക്കുകയും ചെയ്തു. ആ ഉത്തരവിന്റെ അപ്പീലായിട്ടാണ് ഈ പരാതി ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം നൽകിയിരിക്കുന്നു.

പരാതിക്കാരന്റെ വാദം

സജികുമാർ എം.ബി രോഹിണി, പാലാ എന്ന ഞാൻ പാലാ സബ്ബ് ഡിവിഷന്റെ കീഴിലെ ഒരു സ്ഥിരം ഉപഭോക്താവാണ്. ഞങ്ങൾ പാലാ മുരിക്കും പുഴ നിവാസികൾക്ക് പകലെന്നോ രാത്രിയെന്നോ വ്യത്യാസമില്ലാതെ നിരന്തരം കറണ്ട് ഇല്ല. നിരവധി പരാതികൾ കെ എസ് ഇ ബി എം ഡി ക്കും മുഖ്യമന്ത്രിക്കും 1912 ലും ഉന്നതാധികാരികൾക്കും വർഷങ്ങളായി അയച്ചിട്ടും യാതൊരു നടപടിയും ഉണ്ടായില്ല.

അവസാനം ഞാൻ സി.ജി.ആർ.എഫ് കൊട്ടാരക്കരയിൽ എന്റെ കേസ് ഫയൽ ചെയ്യുകയും കഴിഞ്ഞ മാസം 24-)o തീയതി എന്നെ ഹിയറിംഗിനു വിളിക്കുകയും പ്രസ്തുത ഹിയറിംഗിൽ ഞാൻ പങ്കെടുക്കുകയും ചെയ്തതാണ്. ഈ ഹിയറിംഗിൽ പങ്കെടുത്തത് KSEB, CGRF ചെയർമാനാണ്. ചെയർമാനോട് ഞാൻ കാര്യങ്ങൾ പറഞ്ഞപ്പോൾ ചെയർമാൻ പറഞ്ഞ മറുപടി പാലായിൽ മുഴുവൻ റബ്ബർ മരമാണ് ഇതിന്റെ ഇടയിൽ കൂടി ലൈൻ വരുന്നതിനാൽ ടച്ചിംഗ് ഉണ്ടായി കറണ്ട് പോകുന്നതാണെന്നാണ്.

സാർ പത്തുപതിനഞ്ചു വർഷമായി പാലായിൽ ഒറ്റ റബ്ബർ മരം പോലും ഇല്ല. പിന്നെ പാലായിൽ നിന്നും കിലോമീറ്ററുകൾ അകലെയുള്ള ചില സ്ഥലങ്ങളിൽ റബ്ബർ കാണും. സാർ പാലാ കെ എസ് ഇ ബി യിൽ നിന്നും ഒരു കിലോമീറ്റർ പോലും ദൂരമില്ലാത്തതും മുരിക്കും പുഴയിൽ പുനലൂർ മൂവാറ്റുപുഴ ദേശീയപാതയുടെ ഭാഗമായതും പാലാ ടൗണിൻറെ ഭാഗമായതും പാലാ സബ്ബ് സ്റ്റേഷനിൽ നിന്നും എബിസി കേബിൾ വലിച്ച് എല്ലാ ട്രാൻസ്ഫോർമറിലേക്കും കണക്ഷൻ കൊടുത്തിട്ടുള്ളതും) ആയ മുരിക്കും പുഴയിൽ ഒരു സമയത്തും കറണ്ടില്ല. കറണ്ട് ഇല്ലാത്തതിന്റെ കാരണം ചോദിച്ചാൽ പ്രസ്തുത ഓഫീസിൽ നിന്നും തരുന്ന മറുപടികൾ ഒന്നുകിൽ ഫീഡർ കംപ്ലയിൻറ് അല്ലെങ്കിൽ ലിങ്ക് തകരാർ അതുമല്ലങ്കിൽ ഇലവൻ കേവി തകരാർ എന്നാണ്.

സാർ കോടികൾ മുടക്കി എ.ബി.സി കേബിൾ വലിച്ച് എല്ലാ ട്രാൻസ്ഫോർമറിലേക്കും കണക്ഷൻ നൽകിയിട്ടും എന്തേ കറണ്ടില്ലാത്തത്. സി.ജിആർ.എഫ് ൽ നിന്നും ഇപ്പോൾ തന്നിരിക്കുന്ന ജഡ്ജ്മെന്റിൽ ഞാൻ തൃപ്തനല്ല. കാരണം പുതിയ ഒരു പ്രോജക്ട് ചെയ്യാനാണ് ഇനിയും പറയുന്നത് ആർ.ഡി.എസ്.എസ് ഇതെന്താണന്ന് എനിക്കറിയില്ല. ഏബിസി കേബിൾ വലിച്ച സമയത്ത് നിലവാരം കുറഞ്ഞതും എന്ന സ്ഥലത്ത് മുത്തോലി

ഫീഡർ എന്ന പേരിൽ വലിച്ചിരിക്കുന്ന കേബിളിന് അത്രയും ലോഡ് താങ്ങാൻ കഴിവില്ലാത്തതുമാണ് പ്രശ്നം.

സാർ സമക്ഷത്തിൽ ദയവുണ്ടായി എൻറെ ഈ പരാതി സ്വീകരിച്ച് ഒരു അന്വേഷണ കമ്മീഷനെ നിയമിച്ച് പാലാ മുരിക്കും പുഴയിൽ എന്തുകൊണ്ടാണ് കറണ്ട് പോകുന്നത് എന്നത് കണ്ടുപിടിച്ച് അതിനു പ്രതിവിധി ചെയ്താൽ മാത്രമെ ഈ പ്രശ്നത്തിന് ഒരു പരിഹാരമാവുകയുള്ളു.സാർ എൻറെ ഈ പരാതി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

എതിർകക്ഷിയുടെ വാദം

The complainant, Sri. Sajikumar M.B, is a registered consumer under Electrical Section Pala, bearing Consumer Number 1156249016454. He is categorized as a domestic consumer with an average monthly electricity consumption of 54 units and an average bimonthly bill amount of Rs. 453. The consumer's premises is situated approximately 1.5 km away from Pala town and receives power supply from the 100 KVA Karippathikandom transformer. The Pala region is served by a 110 KV substation located about 1.5 km from the town center. The two 11 kv feeders feeding this area are Kuttillam 11 KV feeder (old - Mutholy feeder) and Kottaramattom ABC feeder

The Kottaramattom ABC feeder caters to the inner-town region, covering various commercial establishments, government offices, and the Government General Hospital. This feeder operates as a ring network, extending from the substation to the bus stand and returning to the hospital junction, effectively covering a 1.5 km loop. The Pala town area is separated from the southern region by the Meenachil River, with the Ponkunnam Bridge connecting the two sides. The complainant's residence is approximately 1.5 km south of this bridge. The Kuttillam 11 KV feeder extends nearly 6 km from the Pala 110 KV substation towards Ponkunnam, with six branch lines, each ranging between 1 to 2 km in length, supplying power to interior remote areas. Among these branches, only two are equipped with aerial bundled (ABC) cables, while the main feeder line and remaining branches utilize overhead (OH) lines.

The OH feeder network, covering approximately 15 km, traverses densely vegetated rubber plantation areas, making it prone to frequent interruptions, particularly during the rainy and stormy seasons. Attached herewith is a report on interruptions experienced by the Kuttillam feeder from the Pala substation. Despite best efforts by KSEB personnel to minimize disruptions while adhering to safety protocols, unforeseen weather conditions occasionally lead to power faults. The Kottaramattom ABC feeder, which

primarily serves the town and the hospital, is limited in its reach due to both load constraints and the necessity to minimize interruptions in the central town area. Unlike OH feeders, ABC cables are more susceptible to faults under excessive load conditions, necessitating their confinement to designated areas before the Ponkunnam Bridge.

During the period of 2017-2020, ABC cables were extensively deployed under the Integrated Power Development Scheme (IPDS), but complete conversion of the OH network to ABC was not carried out during that time. The assertion made by the complainant regarding heavy interruptions and frequent power failures is not substantiated by factual data. Given that the complainant's premises are located near the town and the existing feeder load remains within permissible limits, the establishment of a new feeder is not justified.

Based on the order of Hon'ble CGRF OP 85/2024-25, regarding the complaint of Sri. Saji kumar M.B the feasibility of load rearrangement in 11kv feeders was studied and is being implemented to extend the Kottaramattom ABC feeder to Murikkumpuzha region of pala. Wroks for coversion of OH branches of Kuttillam 11 kv feeder is also proposed in Dyuthi.2 as per the recommendation of CGRF. This work willl reduce the interuption in Kuttillam feeder.

In view of the aforementioned facts and circumstances, it is respectfully requested that the Hon'ble Forum may kindly take due consideration of these submission while disposing of the grievance raised by the complainant.

പരാതിക്കാരന്റെ എതിർവാദം

ഞാൻ കസ്റ്റമർ കെയറിലും കെ എസ് ഇ ബി ഉദ്യോഗസ്ഥൻമാർക്കും സി.ജി ആർ.എഫിലും കൊടുത്ത പരാതിയിൽ പറഞ്ഞിരിക്കുന്നത് ഒറ്റ കാര്യമാണ് മുരിക്കും പുഴയിൽ നിരന്തരം കറന്റ് പോകുന്നത് ഒഴിവാക്കി സുഗമമായി കറന്റ് തരുന്നതിനുള്ള മാർഗ്ഗം സ്വീകരിക്കുക എന്നതാണ്. പാലാ സബ് സ്റ്റേഷനിൽ നിന്നും ആരംഭിച്ച് പാലാ പാലം വരെ എത്തുന്ന കറന്റ് പാലാ പാലം കടന്ന് മുരിക്കും പുഴ എന്ന സ്ഥലത്ത് ഡേ നൈറ്റ് വ്യത്യാസമില്ലാതെ മിക്ക സമയത്തും എത്താറില്ല. പാലത്തിന്റെ അക്കരെ കറന്റ് കാണും ഇക്കരെ കാണില്ല. കാരണം എന്താണെന്ന് കെ എസ് ഇ ബി യിലെ ഉദ്യോഗസ്ഥൻമാരോട് ആരാഞ്ഞാൽ ഒന്നുകിൽ ഫീഡർ കംപ്ലയിന്റ് അല്ലെങ്കിൽ ഇലവൻ കേവി കംപ്ലയിന്റ് അതല്ലെങ്കിൽ ലിങ്ക് തകരാർ എന്ന പല്ലവിയാണ് നൽകുന്നത്.

അന്നും ഇതുപോലെ മിക്ക സമയത്തും കറന്റ് ഇല്ലായിരുന്നു. ജനങ്ങളുടെ നിരവധി പരാതിയുടെ അടിസ്ഥാനത്തിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്നും പറഞ്ഞ് അന്നിരുന്ന എ ഇയും മറ്റു ഉദ്യോഗസ്ഥൻമാരും ചേർന്ന് പുതിയ ഒരു പ്രോജക്ട് കൊണ്ടുവന്നു. എബിസി കേബിൾ ഒന്നൊര മാസം പാലായിലെ ജനങ്ങളെ മുഴുവൻ കഴ്ടത്തിലാക്കി പകൽ മുഴുവൻ കറണ്ട് ഓഫ് ചെയ്ത് ഈ കേബിൾ വലിച്ചു.

പാലാ സെക്ഷൻ മുഴുവൻ പൂർത്തിയാക്കിയതിനു ശേഷം പത്രത്തിൽ വാർത്ത പ്രസദ്ധീകരിച്ചു പാലായിലെ ജനങ്ങളുടെ നിരന്തരം കറന്റ് കിട്ടുന്നില്ല എന്ന പരാതി തീർന്നു.

ഈ എബിസി കേബിൾ ചാർജ്ജ് ചെയ്യുകയും പാലായിലുള്ള എല്ലാ ട്രാൻസ്റ്റോർമിലും കണക്ഷൻ നൽകുകയും ചെയ്തിട്ടുള്ളതുമാണ്. ഇത്രയുമൊക്കെ ചെയ്തതിനു ശേഷവും പാലാ മുരിക്കും പുഴയിൽ മിക്ക സമയത്തും കറന്റില്ല. എന്നാൽ മുരിക്കും പുഴയിൽ കറണ്ട് ഇല്ലാത്ത സമയത്തെല്ലാം പാലാ പാലത്തിനക്കരെ കൊട്ടാരമറ്റം ഫീഡറിൽ കറണ്ട് കാണും. ഇതിനു കാരണം ചോദിച്ചാൽ പറയുന്ന മറുപടി കോട്ടരമറ്റം ഫീഡർ ടൗൺ ഏരിയ മാത്രം ഉള്ള ഫീഡറാണ്. നിങ്ങളുടെ ഫീഡർ **mutholy** ആണ് ആ ലൈനിൽ ആണ് കംപ്ലയിന്റ് അതു ശരിയാക്കി കഴിയുമ്പോൾ കറണ്ട് വരും എന്ന്.

സാർ പാലാ മുരിക്കും പുഴയും ടൗൺ ലിമിറ്റിൽ ഉള്ള സ്ഥലം തന്നെയാണ് ഒരു മീനച്ചിലാർ ടൗണിനെ രണ്ടാക്കുന്നു എന്നു മാത്രം മുരിക്കും പുഴയിലും ആശുപത്രിയും ക്ലിനിക്കുകളും വ്യാപാര വ്യവസായ സ്ഥാപനങ്ങളും ജനങ്ങളും ഉള്ള സ്ഥലം തന്നെയാണ്. രണ്ടും രണ്ടായി വേർതിരിക്കരുത്. അതു മാത്രമല്ല പാലായിലെ നിരന്തരം കറണ്ട് ഇല്ലാത്തതിന് ശാശ്വതമായ ഒരു പരിഹാരമായാണ് കോടികൾ മുടക്കി എബി സി കേബിൾ വലിച്ചത്. സാർ ഇതുകൊണ്ട് ആർക്കാണ് പ്രയോജനം കിട്ടിയത് ജനങ്ങൾക്കോ ഉദ്യോഗസ്ഥൻമാർക്കോ. ജനങ്ങൾക്ക് ഈ കേബിൾ വലിച്ചതുകൊണ്ട് യാതൊരു ഗുണവും ഇതുവരെ ലഭിച്ചിട്ടില്ല. പണ്ടത്തേതിനേക്കാൾ കൂടുതൽ കറണ്ട് ഇല്ലാതിരിക്കുകയും ചെയ്യുന്നു. സാർ പാലായിൽ മുരിക്കും പുഴയിലും പരിസര പ്രദേശങ്ങളിലും വൃക്ഷലതാതികൾ ഉണ്ട് ഇതു മൂലമാണ് കറണ്ട് ഇല്ലാതാകാൻ കാരണമെന്നു കണ്ടു. സാർ വൃക്ഷലതാതികൾ ഇല്ലാത്ത സ്ഥലത്തെ മരുഭൂമി എന്നു പറയും ഇവിടെ കറണ്ടിൻറെ ആവശ്യമില്ല.

കേരളത്തിൽ പാലാ മാത്രമല്ല വൃക്ഷലതാതികൾ ഉള്ള സ്ഥലവും കറന്റ് ഉള്ള സ്ഥലവും. ഈ പാലായിലെ പോലെ നിരന്തരം കറണ്ട് പോകുന്ന സ്ഥലം കേരളത്തിൽ വേറേ കാണില്ല. സാർ നിലവാരം കുറഞ്ഞതും കൂടുതൽ ലോഡ് താങ്ങാൻ കെൽപ്പില്ലാത്തതുമായ കേബിൾ വലിച്ച് ജനങ്ങളെ വെറും വിഡ്ഢികളാക്കി അതുപോലെ തന്നെ മരങ്ങൾക്കിടയിൽ കൂടിയാണ് ലൈൻ എങ്കിൽ ഈ ലൈനിലുള്ള ടച്ചിംഗ് വേണ്ട സമയത്ത് വെട്ടിയാൽ തീരാവുന്ന

കാര്യമേ ഉള്ളു. ഇപ്പോഴും മാസത്തിൽ രണ്ടു പ്രാവശ്യം ലൈൻ ഓഫ് ചെയ്തത് ടച്ചിംഗ് വെട്ടുന്നുണ്ട് എന്നിട്ടും കറന്റില്ല. ഇതിനു കാരണമെന്താണ് വ്യക്തമായ എന്റെ ഈ ചോദ്യങ്ങൾക്കൊന്നും ഈ ലെറ്ററിൽ ഉത്തരം നൽകിയിട്ടില്ല.

1. പാലായിൽ ഇപ്പോൾ പാലാ സബ്ബ് സ്റ്റേഷനിൽ നിന്നും പഴയ ഇലവൻ കേവി ലൈനിൽ കൂടിയാണോ അതോ എ.ബി.സി കേബിളിൽ കൂടിയാണോ കറണ്ട് എത്തുന്നത്.
2. പഴയ ഇലവൻ കേവി ലൈനിൽ കൂടി ആണെങ്കിൽ എബിസി കേബിൾ എന്തിനാണ്.

3. ഏബിസി കേബിൾ വഴിയാണെങ്കിൽ എങ്ങനെയാണ് നിരന്തരം കറണ്ട് പോകുന്നത്. എബിസി കേബിൾ വഴിയാണെങ്കിൽ ടച്ചിംഗ് എന്നത് ഒരു ദുർവ്യാഖ്യാനമാണ്.

3. പാലായിലെ ജനങ്ങൾക്ക് Suply നൽകാൻ വലിച്ചിരിക്കുന്ന ലൈനിൽ കൂടി എന്തിനാണ് പൈക sub station ന് കറണ്ട് കൊടുക്കുന്നത്. മറ്റൊരു ലൈനിൽ കൂടി കൊടുക്കേണ്ടതല്ലേ.

4. ഈ ഒരു പ്രശ്നം കാരണമാണ് പൈക ഭാഗത്ത് എവിടെ എങ്കിലും എന്തെങ്കിലും സംഭവിച്ചാൽ പാലാ മുരിക്കും പുഴയിലും കറണ്ട് ഇല്ലാതെ വരുന്നത്.

5. മുരിക്കും പുഴ ഭാഗത്തു തന്നെ താങ്ങാൻ പറ്റാത്തതിൽ കൂടുതൽ കണക്ഷൻ ഉള്ളപ്പോൾ കടപ്പാട്ടൂർ ഭാഗവും വെള്ളിയേപ്പള്ളി ഭാഗവും അങ്ങനെ പല സ്ഥലങ്ങളും കൂട്ടി ചേർത്ത് മുത്തോലി ഫീഡർ എന്ന ഒറ്റ ഫീഡർ ഉണ്ടാക്കിയതല്ലേ ഈ പ്രശ്നത്തിനെല്ലാം കാരണം.

6. ഈ മുത്തോലി ഫീഡർ മാറ്റി പാലാ മുരിക്കും പുഴയ്ക്ക് സ്വന്തമായി ഒരു ഫീഡർ ഉണ്ടായാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകൂ.

7. ഞാൻ ചോദിച്ച കാര്യങ്ങൾക്ക് ഉത്തരം നൽകാതെ കാടടച്ച് വെടിവെക്കരുത്. പാലാ കെ എസ് ഇ ബി ചെയ്യുന്ന മുഴുവൻ വർക്കുകളും ചെയ്യാൻ ഉദ്ദേശിക്കുന്ന വർക്കുകളും എനിക്ക് അറിയണമെന്നില്ല.

8. ഞാൻ തന്ന പരാതി പ്രകാരം നിങ്ങൾ പാലാ മുരിക്കും പുഴയിലെ പ്രശ്നത്തിന് എന്തു പരിഹാരമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് അത് എന്നു തുടങ്ങും എന്ന് പരിഹരിക്കും.

9. ഞാൻ ഈ പരാതി നൽകി എൻറെ മരണ ശേഷമോ എന്റെ മക്കളുടെ കാലത്ത് അല്ല വേണ്ടത്. എത്രയും പെട്ടന്ന്.

കാരണം ഞങ്ങൾ ഇതനുഭവിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. നിങ്ങൾ project പഠിച്ച് ഉപസംഹരിച്ച് ചെയ്യാൻ ഇതൊരു എക്സ്പെരിമെൻറല്ല. ഒരാവശ്യമാണ്. ഇതിനു വല്യ പരീക്ഷണം ഒന്നും വേണ്ട. ജനങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിക്കാത്ത ഈ എബിസി കേബിൾ മാറ്റി പഴയ പോലെ കറണ്ട് തരികയും കുറ്റങ്ങൾ പരിഹരിക്കുകയും ചെയ്താൽ നല്ലതായിരുന്നു. അതുപോലെ പണ്ട് സെക്ഷൻ ഫീസുകൾ ഉണ്ടായിരുന്നു. എവിടെയെങ്കിലും പ്രശ്നം പറ്റിയാൽ ആ ഭാഗത്തെ ഫീസ് ഊരി ആ പ്രശ്നം പരിഹരിക്കാമായിരുന്നു. എന്നാൽ ഇപ്പോൾ ഒരു പ്രശ്നം സംഭവിച്ചാൽ ഉടൻ substantion ൽ നിന്നും ഓഫ് ചെയ്യും പ്രശ്നം പരിഹരിക്കുന്നതുവരെ ആർക്കും കറണ്ടില്ല.

വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം 13/08/2025 ന് രാവിലെ 11.30-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഓഫീസ് വെച്ച് നടന്നു. പരാതിക്കാരൻ ശ്രീ.സജികുമാർ.എം.ബി എതിർകക്ഷി ശ്രീ.ബിബിൻ.ജി.എസ്,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പാലാ, കോട്ടയം ജില്ല എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

ശ്രീ. സജികുമാർ താമസിക്കുന്ന പ്രദേശത്ത് നിരന്തര കറന്റ് പോകുന്നതാണ് ഈ പരാതിയ്ക്കാധാരം. പാലാ ടൗണിൽ നിന്നും 1.5 കി.മി അകലെ സ്ഥിതിചെയ്യുന്ന 110 KV substation ൽ നിന്നും പുറപ്പെടുന്ന 11 KV feeder വഴിയാണ് ആ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം നടത്തുന്നത്. പാലാ ടൗണിനെ രണ്ടായി വിഭജിക്കുന്ന മീനച്ചിലാറിൽ സ്ഥിതിചെയ്യുന്ന പൊൻകുന്നം പാലത്തിന്റെ തെക്കു ഭാഗത്തു നിന്നും ഏകദേശം 1.5 കി.മി

അകലത്തിലാണ് പരാതിക്കാരന്റെ വീട് സ്ഥിതിചെയ്യുന്നത്. **110 KV substation** ൽ നിന്നാരംഭിക്കുന്ന കുറ്റിലം **11 KV feeder** ഏകദേശം **6 KM** ദൂരത്തിലും അതിന് **6** ശാഖകൾ ഉള്ളതുമാണ്. ഏകദേശം **1** മുതൽ **2** കി.മി വരെ നീളുന്ന ഈ ശാഖകളിൽ നിന്നാണ് ഉൾപ്രദേശങ്ങളിൽ വൈദ്യുതി ലഭ്യമാക്കുന്നത്. ഈ ശാഖകളിൽ രണ്ടെണ്ണം **ABC** ആക്കി മാറ്റിക്കഴിഞ്ഞു. പ്രധാന ലൈനും മറ്റു ശാഖകളും ഇപ്പോഴും **OH lines** ആയി തുടരുന്നു. ഈ ലൈനുകളെല്ലാം വൃക്ഷങ്ങൾ തിങ്ങിനിറഞ്ഞ പ്രദേശങ്ങളിലൂടെയാണ് കടന്ന് പോകുന്നത്. നാലഞ്ചു വർഷങ്ങൾക്ക് മുൻപ് **IPDS** പദ്ധതിയിൽപ്പെടുത്തി കുറേയധികം **OH lines ABC** യിലേക്ക് മാറ്റിയെങ്കിലും എല്ലാ **HT** ലൈനും **ABC** യിലേയ്ക്ക് മാറ്റാൻ കഴിഞ്ഞിട്ടില്ല. പല ലൈനുകളും **ABC** ആക്കി മാറ്റിയെങ്കിലും ഒരേ പോസ്റ്റിലൂടെ തന്നെ **OH line** ഉം **ABC** യും **LT** ലൈനും പോകുന്നതിനാൽ ഏത് ലൈനിൽ പണിചെയ്യേണ്ടിവരുമ്പോഴും എല്ലാ ലൈനും ഓഫാക്കേണ്ടി വരുന്നു എന്നാണ് എതിർകക്ഷി അറിയിച്ചത്. ഇതിനാൽ തന്നെ വൈദ്യുതി തടസ്സം പലപ്പോഴും ഉണ്ടാകുന്നു എന്നുള്ളത് യാഥാർത്ഥ്യമായിരിക്കുന്നു. ഇപ്പോൾ വീണ്ടും **ABC** ആക്കി മാറ്റുന്നത് ഏകദേശം ആഗസ്റ്റ് അവസാനത്തോടുകൂടി കഴിയുമെന്നും ലൈസൻസി അറിയിച്ചു. **RDSS** പദ്ധതി പ്രവർത്തിയുടെ ഓർഡർ നൽകിയെങ്കിലും അത് ഏപ്രിൽ **2026**-ൽ മാത്രമേ തീരുകയുള്ളൂ. പാലാ ടൗണിലെ **LT** ലൈൻ മുഴുവനായും **ABC** യിലേയ്ക്ക് മാറുന്നതുവഴിയും അടിയ്ക്കടിയുണ്ടാകുന്ന വൈദ്യുത തടസ്സത്തിന് ഒരു ശമനമുണ്ടാകും എന്നും അറിയിക്കുകയുണ്ടായി. **LT** യിൽ **ABC** വരുന്നതോടെ **HT** ലൈൻ ഓഫാക്കേണ്ടി വരുന്ന സാധ്യത കുറയാൻ കാരണമാകും. പരാതിക്കാരന്റെ കണക്ഷൻ **100 KW** ട്രാൻസ്ഫോർമറിൽനിന്ന് ഏകദേശം **200** മീറ്റർ ദൂരത്തിലാണ്. മറ്റൊരു പരാതി **over load** വഴി ലൈനോ , കേബിളുകളോ കത്തുമ്പോൾ അത് മാറ്റുന്നതിന് വേണ്ടി കൂടുതൽ കാലതാമസം ഉണ്ടാകുന്നു എന്നതാണ്. ഇതിന് ലൈസൻസി ശരിയായ പ്രതിവിധി കണ്ടത്തേണ്ടിയിരിക്കുന്നു. **Kerala Electricity Supply Code 2014** ലെ റെഗുലേഷൻ 4 ൽ ലൈസൻസി ശരിയായ വൈദ്യുത വിതരണ സംവിധാനം ഉണ്ടാക്കേണ്ടതിനെക്കുറിച്ച് വിവരിക്കുന്നു.

***Regulation 4*. *Duty to develop, maintain and extend the distribution system*.-**

(1) *The distribution licensee shall develop and maintain an efficient, coordinated and economical system in his area of supply.*

(2)*The licensee is responsible for ensuring that its distribution system is upgraded, extended and strengthened to meet the demand for electricity in its area of supply.*

(3) *The licensee shall ensure that all electricity supply lines and equipment that are belonging to the licensee or under its control in the premises of the consumer, are in a safe condition and are fit in all respects for supplying energy and further the licensee shall take adequate precaution to avoid danger that may arise in such premises from such supply lines and equipment.*

കൂടാതെ **KSERC (Standard of Performance of Distribution Licensee) Regulation 2015** റെഗുലേഷൻ 4(3) മുതൽ 4(5) വരെ വൈദ്യുത തടസ്സം നേരിട്ടാൽ അത് പരിഹരിക്കേണ്ട സമയ പരിധി നിശ്ചയിച്ചിരിക്കുന്നു.

4.(1) *Every distribution licensee shall provide to the consumers and users, the services at the guaranteed standards of performance as specified in sub-regulations*

Below.

4.(3) Restoration of supply in the case of breakdowns of overhead line or overhead cable *.- Every distribution licensee shall restore power supply in the case of breakdowns of overhead line or overhead cable, within the time lines as specified hereunder,-*

(i) *in urban areas – within eight hours from the time of occurrence of breakdown;*
(ii) *in rural areas – within twelve hours from the time of occurrence of breakdown;*
(iii) *in difficult areas – within sixteen hours from the time of occurrence of breakdown:*

Provided that, the period from 6 p.m. on the date of occurrence of breakdown to 8 a.m. on the next day shall not be counted while calculating the above time limits.

4.(4) Restoration of supply in the case of breakdowns of underground cable. *– Every distribution licensee shall restore power supply in the case of breakdowns of under ground cable, within the time lines as specified hereunder,-*

(i)*in urban areas - within twenty four hours from the time of occurrence of breakdown;*

(ii)*in rural areas - within forty eight hours from the time of occurrence of breakdown;*

(iii) *in difficult areas - within forty eight hours from the time of occurrence of breakdown:*

Provided that the period required for obtaining approvals, if necessary, from competent authorities for breaking open of public path ways shall be excluded while calculating the above time limits:

Provided further that, the period from 6 p.m on the date of occurrence of breakdown to 8 a.m. on the next day shall not be counted while calculating the above time limits.

***4.(5)** **Restoration of supply in the case of failure of distribution transformer** .- Every distribution licensee shall restore power supply in the case of failure of distribution transformer, within the time lines as specified hereunder,-*

***(i)** in urban areas – within twenty four hours from the time of occurrence of breakdown;*
***(ii)** in rural areas – within thirty six hours from the time of occurrence of breakdown;*
***(iii)** in difficult areas – within forty eight hours from the time of occurrence of breakdown:*

Provided that, the period from 6 p.m. on the date of occurrence of breakdown to 8 a.m. on the next day shall not be counted while calculating the above time limits.

അതുപോലെ **shedule outages** നെ കുറിച്ചുള്ള വിവരണം **4(7)** ൽ കാണാം.

4.(7) ***Period of scheduled outages.**- Interruption in power supply due to scheduled outages other than load-shedding, shall be notified by the licensee at least twenty four hours in advance and such interruption shall not exceed ten hours in a day.*

ഈ സമയ പരിധികളെല്ലാം ലൈസൻസി അനുസരിക്കാൻ ബാധ്യസ്ഥരാണ്. ഇവ പാലിക്കപ്പെടാതെ വന്നാൽ നഷ്ടപരിഹാരം വരെ നൽകേണ്ടതുണ്ട്. ഈ റെഗുലേഷൻ ൽ **Clause 5** പ്രകാരം **power outage** പരിഹരിക്കുന്നതിന് **overall standard of performance** ശതമാന കണക്കിൽ കാണിച്ചിട്ടുണ്ട്. ഇവിടെ ഉണ്ടായിട്ടുള്ള വൈദ്യുത തടസ്സം ഈ റെഗുലേഷനിൽ പ്രസ്താവിച്ചിരിക്കുന്ന കണക്കിനുള്ളിലാണെന്ന് കാണാം. എന്നിരുന്നാലും വാദം കേൾക്കുന്ന ദിവസം **AEE** യോട് അവിടെ വിശദമായ പരിശോധന നടത്തി അടിയ്ക്കടിയുള്ള വൈദ്യുത തടസ്സം ഒഴിവാക്കുന്നതിന് സ്വീകരിക്കാൻ കഴിയുന്ന പ്രവർത്തികളെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. അത് പ്രകാരം **AEE** റിപ്പോർട്ട് **19/08/2025** ൽ നൽകിയിട്ടുണ്ട്. അത് പ്രകാരം പരാതിക്കാരന് പവർ ലഭിക്കുന്നത് **ABC** കൊട്ടാരമറ്റം ഫീഡറിൽ സ്ഥാപിച്ചിട്ടുള്ള **100 KVA** കരിപ്പാത്തിക്കണ്ടം ട്രാൻസ്ഫോർമറിൽ നിന്നാണ്. **LT** ലൈൻ പോകുന്നത് ഇടതൂർന്ന് വളർന്ന് നിൽക്കുന്ന മരങ്ങക്കിടയിലൂടെയാണ്. താഴെകാണുന്ന നടപടികൾ ഉടൻ അതായത് **15** ദിവസത്തിനകം കൈക്കൊള്ളാം എന്ന് അറിയിച്ചിട്ടുണ്ട്.

1. Balancing of load in the transformer

2. Clearing of touching of LT line

3. Spacer installation in lines

4. Section fuses in all single phase lines

കൂടാതെ ട്രാൻഫോർമർ സ്റ്റേഷനിൽ വേണ്ടതായ താഴെകാണുന്ന പണികൾ ഒരു മാസത്തിനകം നടപ്പിലാക്കാം എന്ന് ഉറപ്പു തന്നിട്ടുണ്ട്.

1. **Fuse box/Busbar system**
2. **Cable bunching**
3. **Proper lugging of Cables.**
4. **Proper earthing of transformer station**

ഈ കാര്യങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കുകയും പരമാവധി **OH lines ABC** യിലേക്ക് മാറ്റുകയും ചെയ്ത് അടിയ്ക്കടി ഉണ്ടാകുന്ന **power interruption** ഒഴിവാക്കാൻ ലൈസൻസി ശ്രദ്ധിക്കേണ്ടതാണ്. നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന രീതിയിൽ ഉപഭോക്താവിന് പരമാവധി തടസ്സരഹിതമായ വൈദ്യുതി നൽകേണ്ടത് ലൈസൻസിയുടെ ഉത്തരവാദിത്വമാണ്.

തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും,പരാതിക്കാരന്റെയും എതിർകക്ഷി യുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുകളിൽ സൂചിപ്പിച്ച വിശക ലനത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1) വൈദ്യുത വിതരണ ശൃംഖല ശക്തിപ്പെടുത്തി പരമാവധി തടസ്സ രഹിതമായി വൈദ്യുതി നൽകാൻ ലൈസൻസി ശ്രദ്ധിക്കേണ്ടതാണ്.
2) മുകളിൽ കാണിച്ചിട്ടുള്ള പ്രവർത്തികൾ സമയബന്ധിതമായി തീർക്കുക.
3) **OH lines** എല്ലാം **ABC** യിലേയ്ക്ക് മാറ്റുന്ന നിർദ്ദേശങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കുക.
4) മുൻകൂട്ടി നിശ്ചയിച്ച പ്രകാരമുള്ള പണികൾ നടത്തുമ്പോൾ ഉപഭോക്താക്കളെ നിർബന്ധമായും മുൻകൂടി അറിയിക്കുക.
5) മറ്റു ചെലവുകൾ ഒന്നും അംഗീകരിച്ചിട്ടില്ല.

ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ

P/043/2025/ തീയതി : **03-09-2025**

അയക്കുന്നത്:

1. ശ്രീ. സജികുമാർ എം.ബി, രോഹിണി, പാല പി.ഓ, പാലാ, കോട്ടയം(ജില്ല)
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്, പാലാ, കോട്ടയം (ജില്ല).

പകർപ്പ് സമർപ്പിക്കുന്നത്:

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-4.
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര - **691506**